**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5946** **25-03-2025 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ വിശദമാക്കുമോ; | (എ) | പൊതുജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി സബ്സിഡി നൽകുന്നുണ്ട്. 1 kW സിസ്റ്റത്തിന് 30,000/- രൂപയും, 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും, 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ് സബ്സിഡിയായി നൽകി വരുന്നത്. കൂടാതെ ജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ അവബോധം സൃഷ്ടിക്കുന്ന-തിനായി പ്രചാരണ പരിപാടികൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുവാനായി 19.03.2025 വരെ സംസ്ഥാനത്തു 1062 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കുകളിൽ നിന്നും ഈടില്ലാതെ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സെക്ഷൻ ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഡെവലപ്പർമാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. കൂടാതെ ഇപ്പോൾ കൺസ്യൂമേഴ്സിന് രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കി കൊണ്ടു MNRE രജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് |

പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് **റെസ്കോ (RESCO) മോഡൽ** പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ '**പി. എം. സൂര്യ ഘർ**' പ്രചരിപ്പിക്കുന്നു.

സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീട്ടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു. സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

പച്ചക്കറികൾ/ പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ് /ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/ വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

സൗരോജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കേരളത്തിൽ കാർഷിക മേഖലയിൽ നിന്നും സൗരോജ്ജ ഉല്പാദനം വർദ്ധിപ്പിക്കുവാൻ പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന 1hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജവത്ക്കരിച്ച് പമ്പിംഗ് ആവശ്യം കഴിഞ്ഞശേഷം അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർക്ക് KSEBL–നു വിൽക്കുവാൻ കഴിയുന്ന പദ്ധതിയാണ് പി. എം. കുസും പദ്ധതി. ആദ്യ ഘട്ട കേന്ദ്ര അനുമതി ലഭിച്ച 9,348 പമ്പുകളുടെ സൗരോർജ്ജവത്ക്കരണം (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ) നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് പരമാവധി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുന്നത് ലക്ഷ്യമിട്ട് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ അനെർട്ട് മുഖേന സാമ്പത്തിക സഹായം നൽകി വരുന്നു. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ പരമാവധി 50kW സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ കിലോവാട്ടിന് 20,000/- രൂപ നിരക്കിൽ 10 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. കൂടാതെ കുറഞ്ഞത് 5 kW സൗരോർജ്ജ സംവിധാനം മുതൽ 50 kW വരെ ധനസഹായം നൽകുന്നതാണ്. പബ്ലിക് ഇ. വി. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ കഫറ്റേരിയ, വാഷ്റൂം ഫെസിലിറ്റി എന്നിവ ഇതോടൊപ്പം ഒരുക്കേണ്ടതാണ്. |
| (ബി) | ഫ്ലോട്ടിങ്ങ് സോളാർ പാനൽ വഴി സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം നടക്കുന്നുണ്ടോ; എങ്കിൽ ഉല്പാദനം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്, നിലവിൽ NTPC യുടെ കായംകുളത്തുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതിയിൽ നിന്നും 92 മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ട്. കൂടാതെ വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതിയിൽ നിന്നും 50 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് ദീർഘകാല കരാറിൽ ഏർപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വൈദ്യുതി അടുത്ത വർഷം മുതൽ ലഭ്യമായിത്തുടങ്ങും.<br><br>കെ.എസ്.ഇ.ബി.എൽ. - ന്റെ ബാണാസുര സാഗറിലുള്ള **500 kW** ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിൽ നിന്ന് പ്രതിവർഷം ശരാശരി **5.44** ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ